നം.കെ.എസ്.എ.പി.റ്റി.എ.പി**12/1323 /17** തീയതി**: 07.12.2017**

# പന്തളം ബ്ലോക്ക്പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്- 2016-17

**(1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4)-**ാം വകുപ്പ്**, 1994-**ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996-**ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് 19.02.2017മുതൽ 31.08.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് 6 മറുപടി ലഭിച്ചിട്ടുണ്ട്. ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ.പി.പി.സുരേഷ് കുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 26.10.2017മുതൽ 31.10.2017 വരെ | ശ്രീ.സി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുനിൽകുമാർ.യു.എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി പി.കെ.തങ്കമ്മ | (01.04.2016മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2017വരെ) |
| സെക്രട്ടറി | : | ശ്രീ.കെ.മോഹനൻ | (01.04.2016മുതൽ 31.05.2016വരെ) |
| | | ശ്രീ.കെ.അജിത്ത്, ജോയിന്റ് ബി.ഡി.ഒ (ചാർജ്ജ്) | (01.06.2016മുതൽ 23.06.2016വരെ) |
| | | ശ്രീ.ലിബി.സി.മാത്യൂസ് | (24.06.2016മുതൽ 31.03.2017വരെ) |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാല്ല ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

<u>ഭാഗം **1 :** പൊതു അവലോകനം</u>

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

<u>ഭാഗം **2 :** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം **3 :** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം **4 :** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ബാലൻസ് ഷീറ്റ് - 2015-16
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് -2015-16

<u>സൂചിക</u>


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം **1** | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം | 1-3 |
| 4. | ഫണ്ട് വിനിയോഗം | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |

| | | |
|---|---|---|
| | ഭാഗം **2** | |
| 7 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല | 2-1 |
| | ഭാഗം **3** | |
| 8 | ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 9 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത പ്രവൃത്തികൾ ഏറ്റെടുത്തു - സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയില്ല | 3-2 |
| 10 | പന്തളം പ്രീ മെട്രിക്ക് ഹോസ്റ്റൽ പുനരുദ്ധാരണം- ടെണ്ടർ സേവിംഗ്സ് നഷ്ടപ്പെടുത്തി | 3-3 |
| 11 | നാൽപ്പത്തിയൊന്ന് ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല | 3-4 |
| 12 | വികലാംഗർക്ക് യന്ത്രവൽകൃത മുച്ചക്ര വാഹനം -തുക മുൻകൂറായി സ്ഥാപനത്തിന് നൽകി | 3-5 |
| 13 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 3-6 |
| 14 | തുടർ സാക്ഷരത – ജില്ലാ മിഷനിൽനിന്ന് തിരികെ ലഭിക്കാനുള്ളത് 93132 രൂപ | 3-7 |
| 15 | വാഹനത്തിന്റെ പരിപാലനം തൃപ്തികരമല്ല | 3-8 |
| 16 | ലൈബ്രറികൾക്ക് പുസ്തകം/ഫർണ്ണീച്ചർ വാങ്ങൽ -അപാകതകൾ | 3-9 |
| 17 | പത്താംതരം തുല്യതാ പഠനം-പഠിതാക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 3-10 |
| 18 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല | 3-11 |
| 19 | മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല | 3-12 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല | 3-13 |
| 21 | ഐ.എ.വൈ പദ്ധതി-നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 3-14 |
| | ഭാഗം **4** | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |

| | | |
|---|---|---|
| 25 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 0 | 44509548 | 44509548 | |
| വരവ് | 277699000 | 81561863 | | 196137137 |
| ആകെ | 277699000 | 126071411 | | 151627589 |
| ചെലവ് | 277456000 | 81971926 | | 195484074 |
| നീക്കിയിരിപ്പ് | 243000 | 44099485 | 43856485 | |

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്ന ചെലവ് തുകകളും യഥാർത്ഥത്തിലുള്ള ചെലവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ചെലവ് | വ്യത്യാസം |
|---|---|---|---|
| വൈദ്യുതി ലൈൻ നീട്ടൽ | 500000 | 1787873 | (+)1287873 |
| ബ്ലോക്ക് പഞ്ചായത്തിനു കെട്ടിട നിർമ്മാണം | 2500000 | 0 | (-)2500000 |
| പൈപ്പ് ലൈൻ നീട്ടൽ | 5000000 | 6584026 | (+)1584026 |
| വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് | 2500000 | 599860 | (-)1900140 |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വരവ് - ചെലവ് കണക്കുകൾ വിശകലനം നടത്തുമ്പോൾ വ്യക്തമാകുന്നു. യുക്തിസഹമായി ബജറ്റ് കണക്കുകൾ തയ്യാറാക്കാൻ ഭാവിയിൽ

ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 27.07.2017 |

വാർഷിക കണക്കുകളിലെ അപാകതകൾ

1.ജനറൽ പർപ്പസ് ഗ്രാന്റ് ആയി തൻവർഷം 275333/- രൂപ വീതം 12 ഗഡുക്കളായി 3303996/- രൂപയുടെ വരവുണ്ടെങ്കിലും 7 ഗഡുക്കൾ മാത്രമാണ് (1927331/-രൂപ) വാർഷിക കണക്കിൽ വരവായി ചേർത്തിട്ടുള്ളത്.

2.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തൻവർഷം കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ ബി-18 പട്ടികയിൽ ടി തുകകൾ ഉൾപ്പെട്ടില്ല.

3.സാക്ഷരതാ പ്രേരകമാരുടെ ഓണറേറിയം ഇനത്തിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നല്കിയ 81932/-രൂപ മാർച്ച് 31 വരെ ക്രമപ്പെടുത്തിയിരുന്നില്ല. എന്നാൽ ബി-15 പട്ടികയിൽ പ്രസ്തുത തുക ചേർത്തിട്ടില്ല.

4.ഡെപ്പോസിറ്റ്, അഡ്വാൻസ്, വാടക എന്നീ ഇനങ്ങളിലെ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ആയതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 44509548 |
| വരവ് | 81561863 |
| ആകെ | 126071411 |
| ചെലവ് | 81971926 |
| നീക്കിയിരിപ്പ് | 44099485 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | *ആകെ വരവ്* | *ചെലവ്* | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19565443 | 19565443 | 16651989 | 2913454 |
| SCP | 0 | 17998497 | 17998497 | 10264193 | 7734304 |
| TSP | 0 | 8964 | 8964 | 8964 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ | 0 | 3128472 | 3128472 | 599860 | 2528612 |

| | | | | | |
|---|---|---|---|---|---|
| റോഡ്) | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 37609932 | 1262706 | 38872638 | 1120732 | 37751906 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 68 | 45 | 17 | 6 | 66 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 9 | 6546229 | 9 | 4346445 | 66.4 |
| സേവനം | 33 | 22766217 | 20 | 17299941 | 75.99 |
| പശ്ചാത്തലം | 26 | 8254422 | 16 | 5273324 | 63.88 |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ബജറ്റിൽ വകയിരുത്തിയതിലും അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. ചെലവ് ശതമാനം ഉയർത്തുന്നതിനായി ഇത്തരത്തിൽ അധികം തുക ഡെപ്പോസിറ്റ് ചെയ്യുന്നത് അനുചിതമാണ്.

മരാമത്ത് പ്രവൃത്തി ആവിഷ്കരിക്കുന്നതിലെ പാളിച്ചകൾ

(1) പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് (1)- ാം ഉപവകുപ്പ് നാലാം പട്ടികയിലെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണവും റോഡ് മരാമത്ത് പ്രവൃത്തിയിൽ ഒരു ബ്ലോക്ക്പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന രണ്ട് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളുമാണ് ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുക്കേണ്ടത്. എന്നാൽ ഇതിന് വിപരീതമായി ഗ്രാമ പഞ്ചായത്തുകളുടെ ആസ്തികളായുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുകയും ഗ്രാമ പഞ്ചായത്ത് പരിധിയ്ക്കുള്ളിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുകയും ചെയ്യുന്നു.

(2) ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം എൽ.എസ്.ജി.ഡി ഇലന്തൂർ ബ്ലോക്ക് സബ് ഡിവിഷൻ അസി.എക്സി.എഞ്ചിനിയറാണ്. അസി.എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകേണ്ടത് തൊട്ടു മുകളിലുള്ള ഉദ്യോഗസ്ഥനായ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ 1500000 രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എക്സി.എഞ്ചിനിയറാണ്. ആയത് ക്രമ വിരുദ്ധമായ നടപടിയാണ്.

(3)എസ്.സി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് അസി.എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾക്ക് ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നും ഭരണാനുമതി നൽകുകയും എൽ.എസ്.ജി.ഡി. സാങ്കേതിക വിഭാഗം സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നില്ല.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.08.2017 | 2016-17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.03.2014 | 2010-11 മുതൽ 2012-13വരെ | 13.05.2014 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ - ടെണ്ടർ ഫീസ് ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസും വാറ്റും (5%) പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് പന്തളം ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷം ഇ ടെണ്ടർ മുഖേന 32 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ-ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരും താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും വാറ്റ് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും നാളിതുവരെയായി അസി.എക്സി. എഞ്ചിനിയർ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | വാറ്റ് (5%) | ആകെ |
|---|---|---|---|---|---|---|
| 1. | തയ്യിൽപ്പടി തോട്ടത്തിൽകാവ്റോഡ് പുനരുദ്ധാരണം, കുളനട ഗ്രാ.പ. (22/17) | 500000 | 6 | 6x1000= 6000 | 300 | 6300 |
| 2. | ഞാവാലിക്കോട് നെടുംപൊയ്ക റോഡ് കോൺക്രീറ്റിംഗ്, കുളനട ഗ്രാ.പ. ( 58/17). | 559750 | 5 | 5x1200= 6000 | 300 | 6300 |
| 3. | പ്ലാംകീഴ് തേവരേത്ത് പടി റോഡ് കോൺക്രീറ്റിംഗ് ആറന്മുള ഗ്രാ.പ.( 51/17) | 500000 | 6 | 6x1000= 6000 | 300 | 6300 |
| 4. | ഒടയാൻകാവ് വളഞ്ഞുകാവ് റോഡ് കോൺക്രീറ്റിംഗ് പന്തളം തെക്കേക്കര ഗ്രാ.പ. | 600000 | 4 | 4x1200= 4800 | 240 | 5040 |

| | | | | | | |
|---|---|---|---|---|---|---|
| | (S024/17) | | | | | |
| 5. | നോടിയകാലാ ക്ലനാഞ്ഞിലി മൂട് റോഡ് കോൺക്രീറ്റിംഗ് ( 25/17) | 600000 | 5 | 5x1200= 6000 | 300 | 6300 |
| 6. | കരാലിൽ പടി കിടാരം റോഡ് കോൺക്രീറ്റിംഗ് ( S026/16) | 500000 | 4 | 4x1000= 4000 | 200 | 4200 |
| 7. | നെടിയകാലാപ്പടി കുളക്കട റോഡ് സംരക്ഷണ ഭിത്തി ( S029/17) | 600000 | 4 | 4x1200= 4800 | 240 | 5040 |
| 8. | തടത്തിൽ പടി തെക്കേ വശം റോഡ് സംരക്ഷണ ഭിത്തി (S037/17) | 500000 | 3 | 3x1000= 3000 | 150 | 3150 |
| 9. | താളിക്കാട്ടിൽ പടി YMCA റോഡ് സൈഡ് കെട്ടി സംരക്ഷണം(S0046/17) | 500000 | 2 | 2x1000= 2000 | 100 | 2100 |
| 10. | പുന്നമല മണപ്പള്ളി റോഡ് സംരക്ഷണം (S0039/17). | 580000 | 4 | 4x1200= 4800 | 240 | 5040 |
| 11. | അമ്പലക്കടവ് ചെറുതുരുത്തിൽ റോഡ്<br>( S048/17) | 500000 | 3 | 3x1000= 3000 | 150 | 3150 |
| 12. | മുട്ടം കോളനി സ്റ്റേജ് അനുബന്ധ സൗകര്യം S036/17) | 500000 | 4 | 4x1000= 4000 | 200 | 4200 |
| 13. | എഴീക്കാട് കമ്മ്യൂണിറ്റി ഹാൾ വനിത ടോയിലറ്റ് നിർമ്മാണം ( S077/17) | 500000 | 1 | 1x1000= 1000 | 50 | 1050 |
| 14. | എഴീക്കാട് നഴ്സറി സ്കൂൾ ടോയിലറ്റ് നിർമ്മാണം ( S077/17) | 500000 | 1 | 1x1000= 1000 | 50 | 1050 |
| 15. | ബ്ലോക്ക് ഓഫീസ് ഗേറ്റ് സൈഡ് വാൾ( S049/17) | 500000 | 2 | 2x1000= 2000 | 100 | 2100 |
| 16. | എസ്.സി. കോളനി വനിത പിപണന കേന്ദ്രം-മോഴുവേലി( S056/17) | 695500 | 2 | 2x1200= 2400 | 140 | 2540 |
| 17. | വെട്ടിക്കുന്ന് കൊച്ചരിക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് ( S021/17) | 500000 | 3 | 3x1000= 3000 | 150 | 3150 |
| 18. | ഞാവലിക്കോട് നെടുംപൊയ്ക റോഡ് കോൺക്രീറ്റിംഗ് ( S058/17) | 1500000 | 3 | 3x2500= 7500 | 375 | 7875 |
| 19. | കാളുവേലിപ്പടി ചിറയക്കരോട്ട് കോളനി റോഡ് | 1531000 | 4 | 4x2500= | 500 | 10500 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 10000 | | |
| 20. | അംബേദ്ക്കർ കോളനി റോഡ് | 242800 | 3 | 3x2500= 7500 | 375 | 7875 |
| 21. | എസ്.സി. കോളനി വനിത പിപണന കേന്ദ്രം | 850000 | 1 | 1x1700= 1700 | 90 | 1790 |
| 22. | മണ്ണാടിയിൽ തീവെട്ടിക്കുന്ന കോളനി റോഡ് | 500000 | 1 | 1x1000= 1000 | 50 | 1050 |
| 23. | പള്ളിമുക്കം ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 500000 | 2 | 2x1000= 2000 | 100 | 2100 |
| 24. | തടത്തുകാലായിൽ എരുമക്കാട് കോളനി റോഡ് | 500000 | 1 | 1x1000= 1000 | 50 | 1050 |
| 25. | കോടം പറമ്പിൽ റോഡ്കോൺക്രീറ്റിംഗ് | 836000 | 4 | 4x1700= 6800 | 360 | 7160 |
| 26. | നെയ്ത്തുകാരൻ പടി വിജയപുരം റോഡ് ടാറിംഗ് | 500000 | 2 | 2x1000= 2000 | 100 | 2100 |
| 27. | മുളന്തുളം ബണ്ട് റോഡ് നിർമ്മാണം | 500000 | 2 | 2x1000= 2000 | 100 | 2100 |
| 28. | പുന്നക്കുന്ന പട്ടിക ജാതി കോളനിയിൽ ടോയിലറ്റ് നിർമ്മാണം | 21000 | 1 | 1x500= 500 | 30 | 530 |
| 29. | CHC അറ്റകുറ്റപ്പണി,വല്ലന | 700000 | 3 | 3x1400= 4200 | 210 | 4410 |
| 30. | CHC അറ്റകുറ്റപ്പണി,ഉമ്പമൺ | 500000 | 2 | 2x1000= 2000 | 100 | 2100 |
| 31. | എഴീക്കാട് പകൽ വീട് | 206000 | 3 | 3x2500= 7500 | 375 | 7875 |
| 32. | പെരുമ്പുളിക്കൽ കുടിവെള്ള പദ്ധതി | 400000 | 2 | 2x800= 1600 | 80 | 1680 |
| | ആകെ | | | 121100 | 6105 | 127205 |

ടെണ്ടർ ഫീ ഇനത്തിലുള്ള തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനും വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടക്കേണ്ട തുക ഒടുക്ക് വരുത്തുന്നതിനും നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

ഉമ്പമൺ ഗ്രാമപഞ്ചായത്തിലെ മണ്ണാരേത്ത് പടി പൊൻമാലേത്ത് തെക്കേതിൽ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിൽ ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്ക് വാങ്ങി സൂക്ഷിക്കാതെയാണ് കൺവീനർക്ക് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം എസ്.സി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി വിളിച്ചു കൂടിയതിന്റെ നോട്ടീസ്, സമിതി അംഗീകരിച്ച തീരുമാനങ്ങളുടെ മിനിട്ടസ്, സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങിയതിന്റെ രേഖകൾ, അംഗീകരിച്ച വരവ് ചെലവ് കണക്ക്, ചെലവിനാധാരമായ രേഖകൾ എന്നിവ ലഭ്യമാക്കാതെയാണ് ഫൈനൽ ബിൽ തുക നൽകിയത്.

അസിസ്റ്റന്റ് എഞ്ചിനിയറും ഗുണഭോക്തൃസമിതിയും തമ്മിലേർപ്പെട്ട കരാറിലെ വ്യവസ്ഥകൾ അനുസരിച്ചും ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ചുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശമനുസരിച്ചും പ്രവൃത്തിമൂല്യ തുകയോ ഗുണഭോക്തൃസമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ ഏതാണോ കുറവ് ആ തുകയ്ക്ക് മാത്രമേ കൺവീനർക്ക് അർഹതയുള്ളൂ. ഗുണഭോക്തൃസമിതി വാങ്ങിയ നിർമ്മാണ സാമിഗ്രികളുടെ അസ്സൽ ബിൽ വാങ്ങി പരിശോധിച്ച് ആവശ്യമായ അളവിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താതെയും പ്രവൃത്തിക്ക് വേണ്ടി നിയോഗിച്ച വിവിധ വിഭാഗം തൊഴിലാളികൾക്ക് വേതനം നൽകിയതിന്റെ മസ്റ്റർ റോൾ ലഭ്യമാക്കാതെയും കൺവീനർക്ക് പ്രതിഫലം നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറുടെ നടപടി ക്രമവിരുദ്ധമാണ്. കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15 അനുസരിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളെ അടിസ്ഥാനമാക്കിയും ഗുണമേന്മ ഉറപ്പ് വരുത്തിയും മാത്രമേ ഗുണഭോക്തൃസമിതിക്ക് പേയ്മെന്റ് നൽകാവൂ എന്നിരിക്കെ ചെലവിനാധാരമായ രേഖകൾ വാങ്ങി സൂക്ഷിക്കാതെ ഫൈനൽ ബിൽ തുക നൽകിയത് ചട്ടങ്ങളുടെ ലംഘനം തന്നെയാണ്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേരും മറ്റ് വിശദാംശങ്ങളും | പ്രവൃത്തിമൂല്യ തുക | കൺവീനർക്ക് നൽകിയ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 1. | മണ്ണാരേത്ത് പടി പൊൻമാലേത്ത് തെക്കേതിൽ റോഡ് കോൺക്രീറ്റിംഗ് -ഉമ്പമൺ ഗ്രാ.പ.<br>അടങ്കൽ:- 262000/-<br>A.S : 5337/16(A)(67)/06-02-17<br>T.S : 75577/18 /AEE/LSGD/SC corpus/21-02-17<br>കൺവീനർ:- എസ്.തങ്കപ്പൻ<br>എം.ബുക്ക്:- 14/16-17 | 260799 | 242543 | 27/16-17/ 31/03/17 |

ഗുണഭോക്തൃസമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയ്ക്ക് ആധാരമായ രേഖകൾ കൺവീനറിൽ നിന്നും വാങ്ങി സൂക്ഷിക്കാതെ ഫൈനൽ ബിൽ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (11/31.10.17)നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ കൺവീനർക്ക് നൽകിയ 242543 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃസമിതി അംഗീകരിച്ച വരവ് ചെലവ് കണക്കും ചെലവിനെ സാധൂകരിക്കുന്ന രേഖകളും ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-2 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത പ്രവൃത്തികൾ ഏറ്റെടുത്തു - സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയില്ല

പഞ്ചായത്ത് രാജ് ആക്റ്റ് 172ാം വകുപ്പ് (1) ാം ഉപ വകുപ്പ് നാലാം പട്ടികയിലെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണവും അറ്റകുറ്റപ്പണികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിന് വിപരീതമായി ഗ്രാമ പഞ്ചായത്ത് ആസ്തികൾക്ക് അനുബന്ധ സൗകര്യമായി ടോയിലറ്റ് നിർമ്മാണം ഏറ്റെടുത്തത് ക്രമപ്രകാരമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

*(1)എഴീക്കാട് നഴ്സറി സ്കൂളിന് ടോയിലറ്റ് (S0059/17)*

ആറന്മുള ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ എഴീക്കാട് നഴ്സറി സ്കൂളിന് ടോയിലറ്റ് നിർമ്മിക്കുന്നതിനായി അസി.എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 ലെ വാർഷിക പദ്ധതിയിൽ 500000/- രൂപ പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രോജക്റ്റ് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി.16-01-2017 ൽ നടന്ന ഇ ടെണ്ടറിൽ ശ്രീ.റ്റി.മോഹനൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 7.08% കുറവിൽ (464552.94) സമർപ്പിച്ച ഏക ടെണ്ടർ മാത്രമാണ് ലഭിച്ചത്. പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്യാതെ ടിയാന്റെ ടെണ്ടർ അഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 15.02.2017 ൽ കരാർ ചമച്ച് പ്രവൃത്തി ഏറ്റെടുത്തു. പൂർത്തീകരണ കാലാവധി രണ്ട് മാസമാണ് അനുവദിച്ചു നൽകിയിരുന്നത്.

33 ഇനങ്ങളുള്ളതിൽ 16 ഇനങ്ങൾ ചെയ്തതിന്റെ ഭാഗീക പ്രവൃത്തിമൂല്യം 250665/- കണക്കാക്കി (അളവ് പുസ്തകം 31/16-17) റിട്ടെൻഷൻ, നിയമപ്രകാരമുള്ള വാറ്റ്, ക്ഷേമനിധി, ആദായ നികുതി എന്നിവ കഴിച്ച് കരാറുകാരന് 223845/- രൂപ നൽകിയിട്ടുണ്ട്(ബിൽനം. 35/16-17/31-03-17). പാർട്ട് ബിൽ പ്രകാരം ആകെ 238132/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കരാർ അനുസരിച്ച് 15.04.17-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. യഥാസമയം പ്രവൃത്തി പൂർത്തീകരക്കാതിരുന്നതിന് കരാറുകാരന് 02.08.17 ൽ നോട്ടീസ് നൽകിയിരുന്നു. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. 2017-18-ൽ സ്പിൽ ഓവർ പ്രവൃത്തിയായി(S0024/18) ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തി കരാറുകാരൻ തുടർന്ന് ചെയ്യുന്നതിന് പിഴ ചുമത്തി കരാർ കാലാവധി നീട്ടിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. ടി കരാറുകാരൻ ബാക്കിയുള്ള പ്രവൃത്തി നടപ്പാക്കുന്ന പക്ഷം ഫൈനൽ ബിൽ തുകയിൽ നിന്നും നിയമപ്രകാരമുള്ള പിഴ കുറവ് ചെയ്യേണ്ടതാണ്. പിഴ ഈടാക്കിയതിന്റെ വിവരം അടുത്ത ഓഡിറ്റിൽ പരിശോധിക്കുന്നതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*(2)എഴീക്കാട് കമ്മ്യൂണിറ്റി ഹാൾ വനിത ടോയിലറ്റ് നിർമ്മാണം (S077/17)*

ആറന്മുള ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായ എഴീക്കാട് കമ്മ്യൂണിറ്റി ഹാളിന് വനിത ടോയിലറ്റ് നിർമ്മിക്കുന്നതിനായി അസി.എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 ലെ വാർഷിക പദ്ധതിയിൽ 500000/- രൂപ പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രോജക്റ്റ് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. 16.01.2017-ൽ നടന്ന ഇ-ടെണ്ടറിൽ ശ്രീ.റ്റി.മോഹനൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5.01% കുറവിൽ (464957.35) സമർപ്പിച്ച ഏക ടെണ്ടർ മാത്രമാണ് ലഭിച്ചത്. പ്രസ്തുത പ്രവൃത്തി റീടെണ്ടർ

ചെയ്യാതെ ടിയാന്റെ ടെണ്ടർ അഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 15.02.2017 ൽ കരാർ ചമച്ച്(നം.26/16-17) പ്രവൃത്തി ഏറ്റെടുത്തു. പൂർത്തീകരണ കാലാവധി രണ്ട് മാസമാണ് അനുവദിച്ച നൽകിയിരുന്നത്.

അളവ് പുസ്തകം 32/16-17, 06/17-18 എന്നിവ അനുസരിച്ച് പ്രവൃത്തിമൂല്യം 273108 രൂപ കണക്കാക്കി പാർട്ട് ബിൽ പ്രകാരം കരാറുകാരന് 243885 രൂപ നൽകി(ബിൽനം.34/16-17/31-03-17). 2017-18 ൽ സ്പിൽ ഓവർ അംഗീകാരം വാങ്ങി(S0025/18) 09.06.17-ൽ പ്രവൃത്തി പൂർത്തീകരിച്ച് 437533.65 രൂപ പ്രവൃത്തിമൂല്യം കണക്കാക്കി പാർട്ട് ബിൽ കഴിച്ച് ഫൈനൽ ബിൽ തുകയായി 141406 രൂപ നൽകി. സേവന നികുതിയിനത്തിൽ 27071 രൂപ ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയിട്ടിരിക്കുകയാണ്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 20.06.2012ലെ 25/12-ാം നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സേവനനികുതി ഒടുക്കുന്നതിൽ നിന്നും നിശ്ചിത സേവനങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ക്രമ നം 12 പ്രകാരം തദ്ദേശസ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനോ വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്കായോ പണി കഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ച് നൽകുന്ന കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്റ്റിലെ സേവനങ്ങളെ സേവനനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ കരാറുകാരന് അർഹതപ്പെട്ട തുകയിൽ നിന്നും സേവനനികുതിയായി കുറവ് ചെയ്ത 27071 രൂപ കരാറുകാരന് തിരികെ നൽകേണ്ടതാണ്. ടി പ്രവൃത്തിക്കായി ആകെ 437532/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കരാർ അനുസരിച്ച് 15-04-17 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 09-06-17 ൽ മാത്രമാണ് പൂർത്തീകരിച്ചത്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് കരാറുകാരന് 02-08-17 ൽ നോട്ടീസ് നൽകിയിരുന്നു. 2017-18-ൽ സ്പിൽഓവർ പ്രവൃത്തിയായി (S0025/18)ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തി കരാറുകാരൻ തുടർന്ന് ചെയ്യുന്നതിന് പിഴ ചുമത്തി കരാർ കാലാവധി നീട്ടിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ് ആയതിന് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. ഫൈനൽ ബിൽ തുക നൽകിയപ്പോൾ ഫൈൻ കണക്കാക്കി ഈടാക്കിയതുമില്ല.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല. ആദ്യത്തെ തവണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാർ തുകയുടെ(PAC) 1% തുകയും (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) ആദ്യതവണക്ക് ശേഷം കരാർ തുകയുടെ(PAC) 2% തുകയുമാണ് (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) പിഴയായ് ചുമത്തേണ്ടത്. കരാർ കാലാവധി 2 മാസം ആയതിനാൽ ആദ്യത്തെ തവണ ഇരുപത്തിയഞ്ച് ശതമാനമായ 15 ദിവസമായിരുന്നു ദീർഘിപ്പിച്ച് നൽകേണ്ടിയിരുന്നത്. രണ്ടാമത് വീണ്ടും 15 ദിവസമായിരുന്നു ദീർഘിപ്പിച്ച് നൽകേണ്ടിയിരുന്നത്. മാക്സിമം ദീർഘിപ്പിച്ചു നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ അമ്പത് ശതമാനമായ ഒരു മാസമായിരുന്നു. മാന്വൽ അനുസരിച്ച് ടി പ്രവൃത്തിക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| PAC തുക | കാലാവധി | ചുമത്തേണ്ട പിഴ |
|---|---|---|
| 489436 | 15-04-2017 മുതൽ 30-04-2017വരെ | 4894/- |
| | 01-05-2017 മുതൽ 15-05-2017 വരെ | 9788/- |

| | | |
|---|---|---|
| | ആകെ | 14682/- |

***(3)ചേരിക്കൽ കോളനിയിൽ വൃദ്ധജനങ്ങൾക്ക് പകൽ വീടിന് അബന്ധ സൗകര്യമൊരുക്കൽ(63/15, 55/16, 86/17)***

2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പന്തളം ഗ്രാമപഞ്ചായത്തിലെ (മുനിസിപ്പാലിറ്റി ആകുന്നതിന് മുമ്പ്) ചേരിക്കൽ കോളനിയിൽ വൃദ്ധജനങ്ങൾക്ക് പകൽ വീടിന് ടോയിലറ്റ്, ചുറ്റമതിൽ, വാട്ടർ ടാങ്ക്, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് അസി.എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2014-15-ലെ വാർഷിക പദ്ധതിയിൽ 334099/- രൂപ പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രോജക്റ്റ് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി.

6.11.2014-ൽ നടന്ന ടെണ്ടറിൽ ശ്രീ.കെ.സുരേഷ് കുമാർ സമർപ്പിച്ച എസ്റ്റിമേറ്റ് നിരക്കിലുള്ള കുറഞ്ഞ ടെണ്ടർ അംഗീകരിച്ചു. 18.11.2014-ൽ കരാർ ചമച്ച് ടിയാൻ പ്രവൃത്തി ഏറ്റെടുത്തു. പൂർത്തീകരണ കാലാവധി സെലക്ഷൻ നോട്ടീസിലോ കരാർ ഉടമ്പടിയിലോ വ്യക്തമാക്കിയിട്ടില്ല. വാർഷിക പദ്ധതി എന്ന നിലയിൽ 31.03.2015 ന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം നിയമ നടപടികൾ സ്വീകരിക്കുമെന്ന് കാണിച്ച് ടിയാന് 16.04.15, 11.02.15, 05.01.16 എന്നീ തീയതികളിൽ നോട്ടീസ് നൽകിയിരുന്നു. സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ പോയതെന്നും എത്രയും പെട്ടെന്ന് പണി പൂർത്തീകരിക്കുമെന്നും കരാറുകാരൻ 07.01.16 ൽ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചു.

2015-16, 16-17 വർഷം സ്പിൽ ഓവർ അഗീകാരം വാങ്ങിയ പ്രസ്തുത പ്രവൃത്തി കരാറുകാരൻ 23.02.2017 ൽ മാത്രമാണ് പൂർത്തീകരിച്ചത്. രണ്ടു വർഷം സ്പിൽഓവർ അഗീകാരം വാങ്ങിയ പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് അപേക്ഷിച്ചിരുന്നില്ല. യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കരാറുകാരന് പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കാതിരുന്നത് അസി.എക്സി. എഞ്ചിനിയറുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ഫൈനൽ ബിൽ തുക നൽകിയപ്പോൾ പിഴ കണക്കാക്കി ഈടാക്കിയതുമില്ല. പൊതുമരാമത്ത് മാന്വൽ അനുശാസിക്കും പ്രകാരം പിഴ ചുമത്താതിരുന്നത് മൂലം ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| PAC തുക | കാലാവധി | ചുമത്തേണ്ട പിഴ |
|---|---|---|
| 283392 | 01-04-2015 മുതൽ 03-05-2015വരെ | 2834/- |
| | 04-05-2015 മുതൽ 07-06-2015 വരെ | 5668/- |
| | ആകെ | 8502/- |

പകൽ വീടിന്റെ വൈദ്യുതീകരണത്തിനായി പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 56250/- രൂപ ഒടുക്ക് വരുത്തുന്നതിന് 30.07.15-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. പ്രസ്തുത തുക പത്തനംതിട്ട ബിൽഡിംഗ് ഡിവിഷൻ പൊതുമരാമത്ത് എക്സി.എഞ്ചിനിയറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി നൽകി(DD N0.420674/02-12-15 Rs. 50000, No.420675/02-12-15 Rs.6250). പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ടി പ്രവൃത്തിക്കായ് ആകെ 312030/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത പ്രവൃത്തികൾ ഏറ്റെടുത്തത് സംബന്ധിച്ചും ഏറ്റെടുത്ത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്താതിരുന്നത് സംബന്ധിച്ചും വിശദീകരണം

ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(12/31-10-17) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത പ്രവൃത്തികൾ ഏറ്റെടുത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുന്നത് ക്രമവിരുദ്ധമാണ് .ആയത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള പദ്ധതി ആവിഷ്കരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പിഴ ചുമത്താതിരുന്നത് മൂലം ബ്ലോക്ക് പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം 23184 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസി.എക്സി. എഞ്ചിനിയറിൽ നിന്ന് ഈടാക്കി ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 3-3 പന്തളം പ്രീ മെട്രിക്ക് ഹോസ്റ്റൽ പുനരുദ്ധാരണം(81/16, 87/17) - ഫൈൻ ചുമത്തിയില്ല

| | |
|---|---|
| അടങ്കൽ തുക | 466859/-(M.G NonRoad) |
| കരാറുകാരൻ | വേണു.കെ.ഡി |
| ടെണ്ടർ നിരക്ക് | 21% <എസ്റ്റിമേറ്റ് നിരക്ക് |
| എം.ബുക്ക് | 44/15-16 |
| ചെലവഴിച്ച തുക | 368022 |
| ഫൈനൽ ബിൽ നം./ തീയതി | 02/16-17 /28-01-17 |

കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി നടപ്പാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് മാന്വൽ അനുസരിച്ച് പിഴ ചുമത്തിയില്ല.

അസി.എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയ ടി പ്രവൃത്തി2016-17 ൽ സ്പിൽ ഓവറായാണ് പൂർത്തീകരിച്ചത്. ടി പ്രവൃത്തിക്കായ് 10-09-15ൽ ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 21% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.വേണു.കെ.ഡി യുടെ ടെണ്ടർ അംഗീകരിക്കുകയും ആയതിന് 11-09-2015 ലെ I(1)-ാം നം. തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതിൽ ഒരാഴ്ച്ചക്കുള്ളിൽ എഗ്രിമെന്റ് വയ്ക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വയ്ക്കുന്നതിന് കഴിയില്ലെന്നും കരാർ വയ്ക്കുന്നതിനുള്ള സമയം നീട്ടിത്തരണമെന്നും പിഴയിൽനിന്നും ഒഴിവാക്കണമെന്നും 03-10-2015 ൽ ടിയാൻ അപേക്ഷിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കഴിഞ്ഞ് 17-12-15 ലാണ് അസി.എക്സി. എഞ്ചിനിയറുമായി കരാർ ചമച്ചത്(05/AEE/LSGD/PDM Block/81/15-16). മൂന്നു മാസകാലാവധിയാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുവദിച്ചിരുന്നത്.

അതായത് 16-03-20016 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 19-09-2916 ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112.1 അനുസരിച്ച് പിഴ ചുമത്തിക്കൊണ്ടും സപ്ളിമെന്ററി എഗ്രിമെന്റ് വയ്പ്പിച്ചുകൊണ്ടും വേണമായിരുന്നു പ്രവൃത്തി തുടരാൻ അനുവദിക്കേണ്ടിയിരുന്നത്. സപ്ളിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നതിന് മുദ്രപത്രം വാങ്ങിയത് ഫയലിൽ ഇട്ടിട്ടുണ്ട് . എന്നാൽ കരാർ എഴുതി ചേർത്തിട്ടില്ല. പിഴ ചുമത്തിയിട്ടുമില്ല.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല.

ആദ്യത്തെ തവണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാർ തുകയുടെ(PAC) 1% തുകയും (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) ആദ്യതവണക്ക് ശേഷംകരാർ തുകയുടെ(PAC) 2% തുകയുമാണ് (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) പിഴയായ് ചുമത്തേണ്ടത്. കരാർ കാലാവധി 3 മാസം ആയതിനാൽ പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ അമ്പത് ശതമാനമായ ഒന്നര മാസമായിരുന്നു. മാന്വൽ അനുസരിച്ച് ടി പ്രവൃത്തിക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| PAC തുക | കാലാവധി | ചുമത്തേണ്ട പിഴ |
|---|---|---|
| 466859 | 17-03-2016 മുതൽ 09-04-2016വരെ | 4669/- |
| | 10-04-2016 മുതൽ 02-05-2016 വരെ | 9338/- |
| | ആകെ | 14007/- |

പിഴ ചുമത്തി ഫൈനൽ ബില്ലിൽ നിന്നും ഈടാക്കാതിരുന്നത് മൂലം ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം 14007/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ അസി.എക്സി. എഞ്ചിനിയറുടെ ബാദ്ധ്യതയായി നിശ്ചയിച്ച് ചാർജ് നടപടികൾക്ക് വിധേയമാക്കുന്നതായിരിക്കും.

## 3-4 നാൽപ്പത്തിയൊന്ന് ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല

അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം 15334350/- രൂപ വകയിരുത്തി 32 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 5പ്രവൃത്തികൾ സ്പിൽ ഓവറും 27പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. 28.09.2016-ലെ ROC 1011/2010/DPC/PTA നമ്പർ തീരുമാന പ്രകാരം പ്രോജക്ടുകൾക്ക് അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. ഏറ്റെടുത്ത പ്രവൃത്തികളിൽ 19 എണ്ണം മാത്രമേ പൂർത്തീകരിച്ച് തുക ചെലവഴിച്ചിട്ടുള്ളു. ഒരു സ്പിൽ ഓവർ പ്രവൃത്തിയും 12 പുതിയ പ്രവൃത്തികളും തൻവർഷം നടപ്പാക്കിയിട്ടില്ല. 2016 ഒക്ടോബർ മാസം ഒരു പ്രവൃത്തിയും, ജനുവരി മാസം ഒരു പ്രവൃത്തിയും ഫെബ്രുവരി മാസം 4 പ്രവൃത്തിയും മാർച്ച് മാസം 13 പ്രവൃത്തികളും നടപ്പിലാക്കി 6313749 രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ 68 ശതമാനത്തോളം പദ്ധതി വർഷത്തിന്റെ അവസാന മാസത്തിലാണ് നിർവ്വഹിച്ചിട്ടുള്ളത്. മേൽ പ്രവൃത്തികൾ കൂടാതെ എസ്.സി.കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള 16 പ്രവൃത്തികളും മാർച്ച് മാസത്തിലാണ് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ല. സാങ്കേതിക വിഭാഗത്തിൽ ഒരു അസി.എക്സി.എഞ്ചിനിയറും ഒരു അസി. എഞ്ചിനിയറും, രണ്ട് ഓവർസിയർമാരും ഉണ്ട്. യഥാസമയം മരാമത്ത് പ്രവൃത്തികൾ ആരംഭിക്കാതെ മാർച്ച് മാസത്തിൽ തിരക്കിട്ട് നടപ്പാക്കിയത് പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിലുള്ള മേൽനോട്ടത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും ആയത് നിർവ്വഹണത്തിലെ സുതാര്യതയയും ഗുണമേന്മയും ബാധിച്ചുവെന്നും ഓഡിറ്റ് വിലയിരുത്തുന്നു. തൻവർഷം ആവിഷ്കരിച്ച പ്രോജക്ടുകൾ 32 എണ്ണം മാത്രം ആയിരിക്കെ ആയതിന്റെ നാൽപ്പത്തിയൊന്ന് ശതമാനത്തോളം നിർവ്വഹിക്കാൻ കഴിയാതെ വന്നത് പദ്ധതി നിർവ്വഹണത്തിലുണ്ടായ പാളിച്ചയാണ്. ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥനോട് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (05/26-10-17)നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ, പ്രൈസ് സോഫ്റ്റ് വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എൽ.എസ്.ജി.ഡി സാങ്കേതിക വിഭാഗത്തിനുള്ള ട്രയിനിംഗ് നടപടികൾ പൂർത്തിയാക്കാൻ കാലതാമസം വന്നതായും തന്മൂലം പ്രവൃത്തികൾ തുടങ്ങുന്നതിന് സ്വാഭാവിക കാലതാമസം ഉണ്ടായതായും

നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. വാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് നഷ്ടപ്പെടുന്നതും സ്പിൽഓവർ പ്രവൃത്തികൾക്ക് തൻവർഷത്തെ വിഹിതം ഉപയോഗിക്കേണ്ടി വരുന്ന സാഹചര്യമുണ്ടാകുന്നതുമാണ്. ചെയ്യും. വാർഷിക പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കാത്തത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പ്രോജക്ടുകളുടെ ബാഹുല്യം കുറക്കുന്നതിനും കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനും ഭരണസമിതി വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-5 വികലാംഗർക്ക് യന്ത്രവൽകൃത മുച്ചക്ര വാഹനം -തുക മുൻകൂറായി സ്ഥാപനത്തിന് നൽകി

ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്തെ വികലാംഗർക്ക് യന്ത്രവൽകൃത മുച്ചക്ര വാഹനം വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും 10,50,000 രൂപയും, എസ്.സി.പി ഫണ്ടിൽ നിന്ന് 9,00,000 രൂപയും വകയിരുത്തി 2പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സി.ഡി.പി.ഒ ആണ് നിർവ്വഹണം നടത്തിയത്.

| പ്രോജക്ട് നം | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നം |
|---|---|---|---|
| 32/16-17(ജനറൽ) | 10,50,000/- | 868000/- | 01/16-17/30.03.17 |
| 33/16-17(എസ്സ്.സി) | 900000/- | 310000/- | 02/16-17/30.03.17 |

പൊതുവിഭാഗത്തിൽ നിന്നും 14 പേർക്കും, പട്ടികജാതി വിഭാഗത്തിൽ നിന്നും 5 പേർക്കും പ്രോജക്ടിന്റെ ഭാഗമായി ആനുകൂല്യം നൽകിയിട്ടുണ്ട്. എം.പി.ബി.മൊബൈക്സ്, താമരശ്ശേരി, കോഴിക്കോട് എന്ന സ്ഥാപനത്തിനാണ് വാഹനം സപ്ലൈ ചെയ്യാനുള്ള ഓർഡർ നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

*<u>മുൻകൂർ തുക നൽകി</u>*

ജി.ഒ പി നം -177/06 തീയതി 12.04.2016 പ്രകാരം വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾക്കും,

സർക്കാർ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകൾക്കും, സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിക്കുന്ന മുൻകൂറുകൾക്കും ട്രഷറിയിൽ നിന്നും മുൻകൂറായി തുക പിൻവലിച്ച് നൽകാം. അല്ലാത്തപക്ഷം സപ്ലൈ ചെയ്ത സാധനത്തിന്റെ ഗുണനിലവാരം നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷമേ തുക നൽകാൻ പാടുള്ളൂ. മേൽ ഉത്തരവിന് വിരുദ്ധമായി സപ്ലൈ ഓർഡർ ലഭിച്ച സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് 30.03.17 ൽ online transfer മുഖേന തുക കൈമാറിയിട്ടുണ്ട്. ഏത് തീയതിയിലാണ് വാഹനം പഞ്ചായത്തിന് കൈമാറിയത്/വാഹനം സ്റ്റോക്കിലെടുത്തത് എന്നത് സംബന്ധിച്ച് യാതൊരുരേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

*<u>വിതരണം നടത്തിയ തീയതി കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല</u>*

16.05.2017-ൽ വാഹനങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 24.05.17-ൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിക്ക് നൽകിയ കത്തിൽ വാഹനത്തിന്റെ രജിസ്ട്രേഷന്റെ കാലാവധി അവസാനിക്കുന്ന06.06.17-ന് മുമ്പായി വാഹനം വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വാഹനം ലഭ്യമായ തീയതി, വിതരണം നടത്തിയ തീയതി എന്നിവയുടെ കൃത്യമായ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം07/29.10.17) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി, സപ്ലൈ ഓർഡർ ലഭിച്ച സ്ഥാപനത്തിന് മുൻകൂർ തുക നൽകിയതും വാഹനം വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിക്കാത്തതും ഗുരുതരമായ വീഴ്ചയാണ്. മേൽ വിഷയത്തിൽ അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-6 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി

## രേഖയില്ല

2016-17 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ 19പ്രവൃത്തികളുടെയും എസ്.സി.പി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനായി ഭരണാനുമതി ലഭിച്ച 16 പ്രവൃത്തികളുടെയും ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 147885/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് അസി. എക്സി.എഞ്ചിനിയർ ഓഡിറ്റ് വേളയിൽ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. തൻവർഷം ഈടാക്കിയ ക്ഷേമനിധി തുക ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-7 തുടർ സാക്ഷരത – ജില്ലാ മിഷനിൽനിന്ന് തിരികെ ലഭിക്കാനുള്ളത് 93132 രൂപ

ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തുടർ വിദ്യാകേന്ദ്രത്തിലെ സാക്ഷരതാ പ്രേരകിന് ഓണറേറിയം ഇനത്തിൽ തനത് ഫണ്ടിൽനിന്ന് ചെലവഴിച്ച തുക സാക്ഷരതാ മിഷനിൽനിന്ന് തിരികെ ലഭിച്ചിട്ടില്ല. 2016മെയ് മാസം മുതൽ 2017ഏപ്രിൽ വരെയുള്ള 93132രൂപയാണ് ഇപ്രകാരം ക്രമീകരിക്കാനവശേഷിക്കുന്നത്. വിശദാംശം ചുവടെ.

| വർഷാരംഭത്തിൽ ലഭിക്കാനുണ്ടായിരുന്ന തുക | 04/2017വരെ ചെലവഴിച്ച തുക | ആകെ തുക | തൻവർഷം മിഷനിൽനിന്ന് ലഭിച്ച തുക | ലഭിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 60600 | 96932 | 157532 | 64400 | 93132 |

2017മെയ് മുതൽ സാക്ഷരതാ പ്രേരക്മാർക്ക് സംസ്ഥാന സാക്ഷരതാ മിഷനിൽനിന്നും അതത് മാസം നേരിട്ട് ഓണറേറിയം നൽകിവരുന്നു. അതിനാൽ നിലവിൽ ബ്ലോക്ക് പഞ്ചായത്തിന് ഈയിനത്തിൽ പ്രതിമാസം ചെലവില്ല. ജില്ലാ മിഷനിൽനിന്ന് 93132രൂപ തിരികെ ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 വാഹനത്തിന്റെ പരിപാലനം തൃപ്തികരമല്ല

ബ്ലോക്ക് പഞ്ചായത്തിലെ KL-01S-9397-ാം നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

*1. 31.01.2017 ലെ ഇന്ധനത്തിന്റെ നീക്കിയിരിപ്പ് തെറ്റായി രേഖപ്പെടുത്തി*

ലോഗ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം 2017ജനുവരി മാസം ചുവടെ പറയും പ്രകാരം വാഹനത്തിന് ഇന്ധനം നിറച്ചിട്ടുണ്ട്.

| തീയതി | ബിൽ നം. | നിറച്ച ഡീസലിന്റെ അളവ് (ലിറ്റർ) | വില |
|---|---|---|---|
| മുന്നിരിപ്പ് (01.01.2017) | | 25.58 | |
| 03.01.2017 | 6249 | 38 | 2331.3 |

| | | | |
|---|---|---|---|
| 22.01.2017 | 7353 | 30 | 1915.5 |
| 30.01.2017 | 324 | 35 | 2234.75 |
| ആകെ | | **128.58** | |
| തൻമാസം ഉപയോഗിച്ച ഡീസലിന്റെ അളവ് (ലോഗ് ബുക്ക് പ്രകാരം) | | 40.22 | |
| യഥാർത്ഥത്തിൽ ഉണ്ടായിരിക്കേണ്ട നീക്കിയിരിപ്പ് | | 88.36 | |
| ലോഗ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | | 33 | |
| കുറവ് | | **55.36** | |

മേൽപ്പറഞ്ഞ പ്രകാരം 55.36ലിറ്ററിന്റെ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടു. തുടർന്നുള്ള മാസങ്ങളിലും വ്യത്യാസം പരിഹരിക്കപ്പെട്ടിട്ടില്ല.

*2.ടാങ്ക് കപ്പാസിറ്റിയിൽ അധികം നീക്കിയിരിപ്പ്*

അറുപത് ലിറ്ററാണ് വാഹനത്തിന്റെ ഡീസൽ ടാങ്കിന്റെ കപ്പാസിറ്റി. ഇതിൽ എപ്രകാരമാണ് എൺപത്തിയെട്ട് ലിറ്റർ നീക്കിയിരിപ്പ് ഉണ്ടാകുന്നതെന്ന് വ്യക്തമല്ല. യഥാർത്ഥത്തിൽ നിറച്ചിട്ടുള്ള ഡീസലിന്റെ അളവ് എത്രയെന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡീസലിന്റെ അളവുകൾ വിശ്വസനീയമല്ല.

| മാസം | ഡീസൽ മുൻബാക്കി (ലിറ്റർ) | നിറച്ച ഡീസൽ (ലിറ്റർ) | ആകെ (ലിറ്റർ) | ഉപയോഗിച്ച ഡീസൽ (ലിറ്റർ) | യഥാർത്ഥത്തിൽ ഉണ്ടായിരിക്കേണ്ട നീക്കിയിരിപ്പ് (ലിറ്റർ) | ലോഗ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് (ലിറ്റർ) | കുറവ് (ലിറ്റർ) |
|---|---|---|---|---|---|---|---|
| ജനുവരി 2017 | 25.58 | 103 | 128.58 | 40.22 | 88.36 | 33 | 55.36 |
| ഫെബ്രുവരി 2017 | 88.36 | 106 | 194.36 | 95.6 | 98.76 | 43 | 55.76 |
| മാർച്ച് 2017 | 98.76 | 65 | 163.76 | 59.4 | 104.36 | 48 | 56.36 |
| ഏപ്രിൽ 2017 | 104.36 | 35 | 139.36 | 35.6 | 103.76 | 47 | 56.76 |
| മെയ് 2017 | 103.76 | 117 | 220.76 | 68.89 | 151.87 | 60.1 | 91.77 |
| ജൂൺ **2017** മുതൽ മാസാന്ത്യ സംക്ഷിപ്തം എഴുതിയിട്ടില്ല | | | | | | | |

*3. ഇന്ധനക്ഷമത നിശ്ചിത ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല*

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം (സ.ഉ.എം.എസ്.)നം.170/07/ത.സ്വ.ഭ.വ, തീ.30.06.2007) ആറ് മാസത്തിൽ ഒരിക്കൽ വാഹനങ്ങളുടെ ഇന്ധനക്ഷമത ടെസ്റ്റ് നടത്തേണ്ടതാണ്. എന്നാൽ പ്രസ്തുത വാഹനത്തിന്റെ ഇന്ധനക്ഷമത 09/2015നുശേഷം 07.10.2017ൽ മാത്രമാണ് ടെസ്റ്റ് ചെയ്തത്. ആയതിനാൽ ഓഡിറ്റ് കാലയളവിലെ ഇന്ധന ഉപഭോഗത്തിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടാനായിട്ടില്ല.

*4. യാത്രാവിവരങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല*

യാത്ര തുടങ്ങുന്നതിനു മുൻപും യാത്ര അവസാനിച്ചശേഷവും യാത്രയുടെ വിവരങ്ങൾ, യാത്രയുടെ ദൂരം എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് സർക്കുലർ നം.41/2008/ധനം. തീയതി 02.08. 2008 നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചുവടെ പറയുന്ന തീയതികളിലെ യാത്രകൾ നാളിതുവരെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| തീയതി | യാത്ര ചെയ്ത ഉദ്യോഗസ്ഥൻ/ജനപ്രതിനിധി |
|---|---|
| 12.07.2017 | വൈസ് പ്രസിഡന്റ് |
| 07.08.2017 | ശ്രീ.ജോൺസൺ |
| 08.08.2017 | എം.എസ് |
| 24.08.2017 | അസി.എഞ്ചിനീയർ |
| 29.08.2017 | എം.എസ് |
| 29.08.2017 | വി.ഇ.ഒ |
| 01.09.2017 | വി.ഇ.ഒ |
| 02.09.2017 | എം.എസ് |
| 25.09.2017 | ജി.ഇ.ഒ |

*5. മാസാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല*

ഓരോ മാസാവസാനവും മാസാന്ത്യ സംക്ഷിപ്തം എഴുതി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ജൂൺ മാസം മുതൽ ഇത്തരത്തിൽ സാക്ഷ്യപത്രം തയ്യാറാക്കുന്നില്ല. അതിനാൽ ഇന്ധനത്തിന്റെ നീക്കിയിരിപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചില്ല.

ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നത് ക്രമപ്രകാരമല്ലെന്ന് കണ്ടു. വാഹനത്തിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഫുൾ ടാങ്ക് നിറയ്ക്കണമെന്ന വ്യവസ്ഥ പാലിചിട്ടില്ല (സ.ഉ.(എം.എസ്.)നം.170/07/തസ്വഭവ, തീ.30.06.2007 നമ്പർ ഉത്തരവിലെ ഖ.16(എ) കാണുക). കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടെയോ സാന്നിദ്ധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും (ഫുൾ കപ്പാസിറ്റി) ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇപ്രകാരം ചെയ്യുമ്പോൾ ഇന്ധനം നിറച്ച തീയതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ് ആ സമയത്തെ കിലോമീറ്റർ റീഡിംഗ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ആളിന്റെ പേര് ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ഒന്നും തന്നെ വാഹനത്തിന്റെ പരിപാലനത്തിൽ പാലിക്കപ്പെടുന്നില്ല.

വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് കൃത്യസമയത്തു നടത്തേണ്ടതും, സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. തദ്ദേശസ്ഥാപനങ്ങളിലെ വാഹന പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനായി പാലിക്കപ്പെടുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ക്രമ നമ്പർ 1,2 എന്നിവയിൽ പറഞ്ഞിരിക്കുന്ന പ്രകാരം കുറവായ/വ്യത്യാസം ഉള്ള ഇന്ധനത്തിന്റെ വില, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഈ വിഷയത്തിൽ ഭരണതലത്തിൽ (എ.ഡി.സി)അന്വേഷണം നടത്തി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-9 ലൈബ്രറികൾക്ക് പുസ്തകം/ഫർണ്ണീച്ചർ വാങ്ങൽ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 60/2017 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്തെ ലൈബ്രറികൾക്ക് പുസ്തകം/ഫർണ്ണീച്ചർ വാങ്ങൽ |
| അടങ്കൽ | 500000(വികസനഫണ്ട്) |
| ചെലവഴിച്ച തുക | 499900 |
| ബിൽ നം/തീയതി, തുക | 36/16-17/31.03.17 167992/- 43/16-17 /31.03.17 331908/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്തെ ലൈബ്രറികൾക്ക് പുസ്തകവും ഫർണ്ണീച്ചറും വാങ്ങുന്നതിനായി പ്രോജക്ട് ആവിഷ്കരിക്കുകയും ടെണ്ടർ കൂടാതെ പർച്ചേയ്സിന് അനുമതിയുള്ള കേരളാ ബുക്ക് മാർക്കിൽ നിന്നും 167992/- രൂപയുള്ള പുസ്തകങ്ങൾ, കേരളാ ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും 331908/- രൂപയുള്ള ഫർണ്ണീച്ചർ എന്നിവ വാങ്ങുകയും ചെയ്തിട്ടുണ്ട്.

31.03.2017ൽ ഫർണ്ണീച്ചറിനും പുസ്തകങ്ങൾക്കുമുള്ള തുക 499900 രൂപ(331908+167992) പിൻവലിച്ച് എസ് ബി ഐ പന്തളം ബ്രാഞ്ചിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. കാഡ്ക്കോ ഫർണ്ണീച്ചർ സപ്ളൈ ചെയ്തിട്ടുള്ളത് 26.9.2017 ൽ മാത്രമാണ്. ബുക്ക് മാർക്ക് 9/2017ലാണ് പുസ്തകങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. 24.10.2017 ൽ മാത്രമാണ് കാഡ്ക്കോയ്ക്കും ബുക്ക് മാർക്കിനും തുക നൽകിയിട്ടുള്ളത്. ചെലവ് തുക മുൻകൂർ ആയി പിൻവലിച്ച് 7 മാസക്കാലത്തോളം അക്കൗണ്ടിൽ നിക്ഷേപിക്കുകയാണുണ്ടായത്. ജനകീയാസൂത്രണ പദ്ധതിയിലെ ധനവിനിയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം ( സ.ഉ(പി) നം.177/2006/ധനം തീയതി 12/04/2006 ) സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള സംഗതികളിലൊഴികെ ചെലവ് മുൻകൂട്ടിക്കണ്ട് ട്രഷറിയിൽ നിന്നും തുക പിൻവലിക്കാൻ പാടില്ല. ഈ പദ്ധതിക്കായി മുൻകൂറായി തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചത് സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ് . 31.03.2017 മുതൽ 23.10.2017 വരെയുള്ള കാലയളവിൽ ടി.തുകയ്ക്ക് ബാങ്ക് നൽകിയിട്ടുള്ള പലിശ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്ക് വരുത്തേണ്ടതാണ്.

ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികളുടെ ലിസ്റ്റ് തയ്യാറാക്കി കമ്മിറ്റി അംഗീകരിക്കാതെയാണ് പുസ്തകം വാങ്ങിയിട്ടുള്ളത്. ബന്ധപ്പെട്ട ലൈബ്രറികളുടെ ചുമതലയുള്ള ആൾക്കാരുമായി പുസ്തക വിതരണം സംബന്ധിച്ച കരാർ ചമച്ചിട്ടില്ല. സപ്ളൈ ഓർഡർ പ്രകാരമുള്ള പുസ്തകങ്ങളാണോ വന്നിട്ടുള്ളതെന്ന് പരിശോധിക്കാതെ 11 ഗ്രന്ഥശാലകൾക്കുള്ള 14പുസ്തക കെട്ടുകൾ അതേപടി ബ്ളോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു. സ്റ്റോക്കിൽ പുസ്തകങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്തുവെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നാളിതു വരെ ഫർണ്ണീച്ചറുകളും പുസ്തകങ്ങളും ലൈബ്രറികൾക്ക് വിതരണം ചെയ്തിട്ടില്ല. അപാകതകൾക്ക് 30.10.2017-ലെ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതും പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കേണ്ടതും ഫർണ്ണീച്ചറും പുസ്തകങ്ങളും അടിയന്തിരമായി വിതരണം ചെയ്യേണ്ടതുമാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകളിൻമേൽ വിശദമായ അന്വേഷണം നടത്തുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## **3-10** പത്താംതരം തുല്യതാ പഠനം-പഠിതാക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | 4/17 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പത്താംതരം തുല്യതാ പഠനം |
| അടങ്കൽ | വികസനഫണ്ട്-49600 |
| ചെലവഴിച്ച തുക | 49600 |
| ബിൽ നം/തീയതി | 13/16-17 30.01.17 |

സെക്രട്ടറി നിർവ്വഹണം നടത്തിയ പത്താംതരം തുല്യതാ പഠനവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ബ്ളോക്ക് പഞ്ചായത്തിൽ നിന്നും പഠിതാക്കൾക്കുള്ള രജിസ്ട്രേഷൻ ഫീസ്,കോഴ്സ് ഫീസ്, എക്സാം ഫീസ് എന്നീ ഇനങ്ങളിലായി ആകെ 49600 /- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് ജില്ലാ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ബിന്ദു എസ്സ്, പ്രേരക്(പന്തളം ബ്ലോക്ക് പഞ്ചായത്ത്) സമർപ്പിച്ചിട്ടുള്ള ലിസ്റ്റിൽ 23 പഠിതാക്കളുടെ പേരും മേൽവിലാസവും മാത്രമാണുള്ളത്. ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്ററുടെ കത്തിൽ 31 പഠിതാക്കളുടെ കോഴ്സ് ഫീസ് ആയി 49600/-രൂപയാണ് നൽകുവാൻ ആവശ്യപ്പെട്ടിട്ടുള്ളത്. പഠിതാക്കളുടെ എണ്ണം സംബന്ധിച്ച് വ്യക്തതയില്ല. എത്ര പഠിതാക്കൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്നും കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയിട്ടുണ്ടെന്നും സംബന്ധിച്ച് രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. പഠിതാക്കൾ ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്നതിന്റെ രേഖകളില്ല. മേൽ അപാകതകൾക്ക് 8-ാം നമ്പർ എൻക്വയറി മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മതിയായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് കിട്ടി 60 ദിവസത്തിനുള്ളിൽ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 3-11 കൈപ്പറ്റ് രസീത് ,വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല

സെക്രട്ടറി 2016-17ൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല. ക്രമ നം 1,2,3 എന്നീ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ കൈപ്പറ്റ് രസീതുകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നം/തീയതി |
|---|---|---|---|---|---|
| 1 | 15/17 | ആറൻമുള ഗ്രാമപഞ്ചായത്തിൽ പ്ളാസ്റ്റിക്ക് റീസൈക്ളിംഗ് പ്ളാന്റ് | വികസനഫണ്ട്-500000/- | 500000 | 10/16-17 30.11.16 |
| 2 | 72/17 | ആറൻമുള ഗ്രാമപഞ്ചായത്തിൽ കൃഷി ഭവൻ നിർമ്മാണം-ബ്ളോക്ക് പഞ്ചായത്ത് വിഹിതം | വികസനഫണ്ട്-1000000/- | 1000000 | 8/16-17 30.11.16 |
| 3 | 73/17 | ആറൻമുള ഗ്രാമപഞ്ചായത്തിൽ മൃഗാശുപത്രി നിർമ്മാണം-ബ്ളോക്ക് പഞ്ചായത്ത് വിഹിതം | വികസനഫണ്ട്-1000000/- | 1000000 | 9/16-17 30.11.16 |
| 4 | 17/17 | ജനറൽ വിഭാഗത്തിൽ പെട്ട ആശ്രയ വിധവകൾക്കുള്ള ധനസഹായം-ബ്ളോക്ക് വിഹിതം(പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന് നൽകിയത്) | വികസനഫണ്ട്-157550/- | 157550 | 18/16-17 28.02.17 |
| 5 | 17/17 | എസ് സി വിഭാഗത്തിൽ പെട്ട ആശ്രയ | വികസനഫണ്ട്- | 179900 | 19/16-17 |

| | | | | | |
|---|---|---|---|---|---|
| | | വിധവകൾക്കുള്ള ധനസഹായം-ബ്ളോക്ക് വിഹിതം(പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന് നൽകിയത്) | 179900/- | | 28.02.17 |
| | | ആകെ | | 2837450 | |

കൈപ്പറ്റ് രസീതുകളും വിനിയോഗ സാക്ഷ്യപത്രവും വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. രേഖകൾ രേഖകൾ ഹാജരാക്കാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 3-12 മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല

ബ്ലോക്ക് പഞ്ചായത്തിനു കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങൾക്ക് അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിനായി 'ഉമ്പമൺ, വല്ലന സി.എച്ച്.സികൾക്ക് മരുന്നു വാങ്ങൽ ' (പ്രോജക്റ്റ് നം - S0045/2017) എന്ന പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വല്ലനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. 31.01.2017ലെ 01/2017-ാം നമ്പർ ബിൽ പ്രകാരം 312800രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറി. എന്നാൽ 281334 രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളു. ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല

2011-12 മുതൽ 2015-16വരെയുള്ള കാലയളവിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനം | പ്രോജക്റ്റ് നം.,പ്രോജക്റ്റിന്റെ പേര് | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| 2011-12 | KWA | 19/12-പന്തളം തെക്കേക്കര പഞ്ചായത്ത് -കീരുകുഴി ഡിവിഷൻ വേണുഗോപാലക്ഷേത്രം -പി.എച്ച്.സി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 150000 |
| | | 26/12-മൂല്ലൂർ ഡിവിഷൻ പൈപ്പ് ലൈൻ നീട്ടൽ | 150000 |
| | | 70/12- വാത്തിപ്പറമ്പ് കോളനി പൈപ്പ് ലൈൻ നീട്ടൽ | 222000 |
| | | 47/12-ആറന്മുള പഞ്ചായത്ത് മൂന്നാം വാർഡ് നെടുപ്പുറത്ത് പടി ആശാരിപ്പറമ്പ് പൈപ്പ് ലൈൻ നീട്ടൽ | 150000 |
| | | 71/12-നെടിയകാല പേഴുംമൂട്ടിൽ കോളനി പൈപ്പ് ലൈൻ നീട്ടൽ | 150000 |

| | | | |
|---|---|---|---|
| | | 15/12-പന്തളം കടയ്ക്കാട് മഠത്തിൽ മുക്ക് കാക്കക്കുഴി ഭാഗം മുതൽ ഇടയിലെ മകുടിയിൽമുക്ക് വരെ പൈപ്പ് ലൈൻ നീട്ടൽ | 150000 |
| | KSEB | 42/12- പടിഞ്ഞാറേ വീട്ടിൽപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 148460 |
| | | 17/12- മെഴുവേലി പഞ്ചായത്ത് വാർഡ് 1-എസ്.എൻ വിദ്യാപീടം കാരിത്തോട്ട - മങ്ങേല മുണ്ടൻകാല സ്ട്രീറ്റ് ലൈൻ നീട്ടൽ | 46200 |
| | | 37/12- പന്തളം മുടിയൂർക്കോണം ഡിവിഷൻ സ്ട്രീറ്റ് ലൈൻ നീട്ടൽ | 149295 |
| | | 36/12-കുളനട ആറാംവാർഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 146831 |
| | | 18/12- മെഴുവേലി 1,13വാർഡുകളിൽ വടക്കേക്കരപ്പടി മുതൽ മുഞ്ഞുകാലപ്പടി വരെ സ്ട്രീറ്റ് ലൈൻ നീട്ടൽ | 103800 |
| | | 113/12-കുളനട എം.സി റോഡ് നെടുവേലിപ്പറമ്പിൽ കൊല്ലന്റെ പടിവരെ സ്ട്രീറ്റ് ലൈൻ നീട്ടൽ | 25956 |
| | | 28/12- തലശ്ശേരിപ്പടി -പുന്നേര സ്ട്രീറ്റ് ലൈൻ നീട്ടൽ | 31977 |
| | KWA | 168/13-ആറന്മുള കോട്ടയ്ക്കകത്ത് മലയിൽപ്പടി മുതൽ കിഴക്കേ മോടിയിൽപ്പടി പൈപ്പ് ലൈൻ നീട്ടൽ | 60000 |
| | | 176/13- മെഴുവേലി മുക്കട മഞ്ഞത്തറ കോളനി പൈപ്പ് ലൈൻ നീട്ടൽ | 135000 |
| | | 180/13- പന്തളം കീരുകുഴി ഡിവിഷൻ കീച്ചേരിപ്പടി ഏഏലാകോളനി പൈപ്പ് | 135000 |

| | | | |
|---|---|---|---|
| | | ലൈൻ നീട്ടൽ | |
| | | 190/13-പന്തളം തെക്കേക്കര പഞ്ചായത്ത് ചന്ദ്രവേലിപ്പട്-തെങ്ങുംതോട്ടത്തിൽപ്പടി പൈപ്പ് ലൈൻ നീട്ടൽ | 100000 |
| | KSEB | 07/13-പന്തളം പഞ്ചായത്ത് ആറാം വാർഡ് മെഡിക്കൽ മിഷൻ നന്തനാർ ക്ഷേത്രത്തിന് പുറകുവശം സ്ട്രീറ്റ് ലൈൻ നീട്ടൽ | 16165 |
| | | 12/13-പന്തളം പഞ്ചായത്ത് വാർഡ് 17-എസ്.എം.ഹോസ്പിറ്റൽ ഭാഗം - സ്ട്രീറ്റ് ലൈൻ നീട്ടൽ | 13725 |
| | | 164/13-മണപ്പള്ളി - കാരിത്തോട്ട റോഡ് കിഴക്കേ കടമാൻ കോട് സ്ട്രീറ്റ് ലൈൻ നീട്ടൽ | 2442 |
| | | 166/13-മുടിയൂർക്കോണം ഡിവിഷനിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 29963 |
| | | 167/13-മെഴുവേലി പഞ്ചായത്ത് വാർഡ് 12-കരിങ്ങാലി മേടിപ്പടി സ്ട്രീറ്റ് ലൈൻ നീട്ടൽ | 39845 |
| | | 191/13-ആറന്മുള ഏഴാം വാർഡ് ഇടശ്ശേരിമല കോളനിയിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 23000 |
| 2013-14 | KWA | 138/14- ഉളനാട് - അമ്പലക്കടവ് പൈപ്പ് ലൈൻ നീട്ടൽ | 100000 |
| | | 138/14-പറയൻകാവ് - കുട്ടവെട്ടിക്കൽ പൈപ്പ് ലൈൻ നീട്ടൽ | 78000 |
| | | 138/14-ഇടശ്ശേരിമഠം -മനയ്ക്കലിൻപടി പൈപ്പ് ലൈൻ നീട്ടൽ | 100000 |
| | | 138/14- മുള്ളൻവാതുക്കൽ പ്പടി- | 175000 |

| | | | |
|---|---|---|---|
| | | വെള്ളലഞ്ഞിപ്പടി പൈപ്പ് ലൈൻ നീട്ടൽ | |
| | | 138/14-കണ്ണൻകളത്തി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 162000 |
| | | 138/14-അമ്പലക്കടവ് - ഉളനാട് പൈപ്പ് ലൈൻ നീട്ടൽ | 100000 |
| | | 138/14-കോട്ടയ്ക്കകം - തലക്കോട്ടുമല പൈപ്പ് ലൈൻ നീട്ടൽ | 130000 |
| | | 138/14-മുകളുംപുറത്ത് കോളനി പൈപ്പ് ലൈൻ നീട്ടൽ | 60000 |
| | | 138/14-ചന്ദ്രവേലിപ്പടി തെങ്ങുംതോട്ടത്തിൽപ്പടി പൈപ്പ് ലൈൻ നീട്ടൽ രണ്ടാം ഘട്ടം | 445000 |
| 2014-15 | PWD Electrical WING | വല്ലന സി.എച്ച്.സി സ്ററാഫ് ക്വാർട്ടേഴ്സ് | 139750 |
| | | 77/15-പന്തളം ബ്ലോക്ക് പഞ്ചായത്ത് ഡെയറി എക്സ്ററൻഷൻ ആഫീസ് ഒന്നാം നില വയറിംഗ് | 100000 |
| 2015-16 | PWD Electrical WING | 76/15-വല്ലന സി.എച്ച്.സി സ്ററാഫ് ക്വാർട്ടേഴ്സ് വയറിംഗ് | 139750 |
| | KSEB | 113/16-ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ എക്സ്ററൻഷൻ | 497491 |
| | KWA | 114/16-ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ എക്സ്ററൻഷൻ | 1994057 |
| | | ആകെ | **6400707** |

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയോ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾ എത്രയെണ്ണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ടെന്ന വിവരം ലഭ്യമല്ല. കൂടാതെ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ എഗ്രിമെന്റ് വച്ചിട്ടാണോ ഡെപ്പോസിറ്റ് തുകകൾ കൈമാറിയിട്ടുള്ളതെന്നും പരിശോധിക്കാൻ സാധിച്ചില്ല.

മേല്പറഞ്ഞ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി ഒരു രജിസ്റ്റർ

തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

പ്രസ്തുത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം, തിരികെ ലഭിക്കാനുള്ള തുകകൾ ഈടാക്കിയതിന്റെ വിവരം എന്നിവ നിരീക്ഷിച്ച് വിവരം ലഭ്യമാക്കുന്നതിന് ഭരണതലത്തിൽ (എ.ഡി.സി) നടപടി സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-14 ഐ.എ.വൈ പദ്ധതി-നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ച് നൽകി അവരുടെ പാർപ്പിട പ്രശ്നത്തിന് സ്ഥിരമായ പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഇന്ദിര ആവാസ് യോജന പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല. 2009-10 സാമ്പത്തിക വർഷം എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ വീടുകൾ ഇപ്പോഴും പൂർത്തിയാകാതെ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | ആകെ |
|---|---|---|---|---|---|---|---|---|
| ആറൻമുള | - | - | - | 1 | 2 | 4 | 6 | 13 |
| മെഴുവേലി | 4 | - | 2 | 5 | - | 2 | 2 | 15 |
| കുളനട | 4 | - | - | 1 | 1 | 4 | 5 | 15 |
| തുമ്പമൺ | - | - | - | - | 2 | - | 3 | 5 |
| പന്തളം തെക്കേക്കര | - | - | 4 | - | - | - | 1 | 5 |
| പന്തളം | 1 | - | 6 | 2 | 4 | - | - | 13 |
| ആകെ | | | | | | | | 66 |

നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ പോയ ഗുണഭോക്താക്കൾക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനും സർക്കാരിന്റെ പുതിയ ഭവന നിർമ്മാണ പദ്ധതിയായ ലൈഫിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 2016-17 വർഷം ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്റ്റ് നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക |
|---|---|---|---|---|---|

| | | | | തുക | |
|---|---|---|---|---|---|
| 1. | 6/17 | കെ എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, പന്തളം | തുമ്പമൺ ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | 102550 | പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല |
| 2. | 80/17 | -ടി- | -- | 51500 | -ടി- |
| 3. | 6/17 | -ടി- | നെരിയാട്ടിൽപ്പടി - അനുഗ്രഹം പടി സ്ട്രീറ്റ് മെയിൻ നീട്ടൽ | 50700 | -ടി- |
| 4. | 6/17 | -ടി- | പന്തളം തെക്കേക്കര ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | 549000 | -ടി- |
| 5. | 6/17 | -ടി- | മാമ്മൂട്, പൊങ്ങലടി ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | 158720 | -ടി- |
| 6. | 6/17 | കെ എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുളനട | മൂന്നുപ്ലാവ് നിൽക്കുന്നതിൽപ്പടി -രണ്ടാം കാലായിൽപ്പടി സ്ട്രീറ്റ് മെയിൻ നീട്ടൽ | 63750 | -ടി- |
| 7. | 6/17 | -ടി- | പൊയ്കയിൽപ്പടി -ഞൂഴൂർപ്പടി, ചാത്തല്ലൂർപ്പടി- പനുവേലിപ്പടി സ്ട്രീറ്റ് മെയിൻ നീട്ടൽ | 149145 | -ടി- |
| 8. | 6/17 | -ടി- | കറുത്തേരിൽപ്പടി- തറയിൽക്കടവ് സ്ട്രീറ്റ് മെയിൻ നീട്ടൽ | 31875 | -ടി- |
| 9. | 6/17 | -ടി- | ചെമ്പോലിൽപ്പടി - തോരിയാട്ടുമോടി സ്ട്രീറ്റ് മെയിൻ നീട്ടൽ | 24875 | -ടി- |
| 10. | 6/17 | -ടി- | കല്ലൻ മുകടിയിൽ - മീൻചിറയ്ക്കൽപടി സ്ട്രീറ്റ് മെയിൻ നീട്ടൽ | 131750 | -ടി- |
| 11. | 80/17 | -ടി- | കുളനട ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | 56100 | -ടി- |
| 12. | 80/17 | കെ എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കൈപ്പട്ടൂർ | പറപ്പാട്ടുപടി - പാറക്കുളം, ആല്യവിളപ്പടി -കളങ്ങരപ്പടി സ്ട്രീറ്റ് മെയിൻ നീട്ടൽ | 84525 | -ടി- |
| 13. | 6/17 | -ടി- | പന്തളം തെക്കേക്കര ഗ്രാമപ്പഞ്ചായത്ത് വാർഡ് 7&8ൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | 238935 | -ടി- |
| 14. | 6/17 | കെ എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, ആറന്മുള | ശാന്തിക്കുഴി - ആക്കനാട്ടുപടി റോഡ് സ്ട്രീറ്റ് മെയിൻ നീട്ടൽ | 22198 | -ടി- |
| 15. | 80/17 | കെ എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മുളക്കുഴ | വീട്ടിക്കൽ - കടപ്ലാവ് നിൽക്കുന്നിടം സ്ട്രീറ്റ് മെയിൻ നീട്ടൽ | 59500 | -ടി- |
| 16. | 6/17 | -ടി- | മിൽമ പടി സ്ട്രീറ്റ് മെയിൻ നീട്ടൽ | 12750 | -ടി- |
| 17. | 6/17 | കേരള വാട്ടർ അതോറിറ്റി, പി.എച്ച് | പാമ്പൂര് ഇല്ലം - കിഴക്കേപ്പടി, ചുട്ടിപ്പാറപ്പടി- പാറപ്പാട്ട് | 395000 | -ടി- |

| | | | | | |
|---|---|---|---|---|---|
| | | ഡിവിഷൻ, പത്തനംതിട്ട | കോളനി, കോഴികക്കൽ–ഞവരയ്ക്കൽപ്പടി, കളീയ്ക്കൽ–കോയിക്കൽപപ്പി, ശാന്തിപീഠം-പുതുവീട്ടിൽപ്പടി പൈപ്പ് ലൈൻ നീട്ടൽ | | |
| 18. | 5/17 | -ടി- | തുമ്പമൺ മലപ്പുറത്തുകുറ്റിയിൽപ്പടി-ഏലംകളത്തുപാറ കോളനി പൈപ്പ് ലൈൻ നീട്ടൽ | 400000 | -ടി- |
| 19. | 5/17 | -ടി- | കാഞ്ഞിരംതടം -തുണ്ടമണ്ണിൽ റോഡ് പൈപ്പ് ലൈൻ നീട്ടൽ | 166000 | -ടി- |
| 20. | 5/17 | -ടി- | നരിമരത്തുമഠം പടി -കൈമടപ്പാറ റോഡ് പൈപ്പ് ലൈൻ നീട്ടൽ | 200000 | -ടി- |
| 21. | 5/17 | -ടി- | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ നം.1ൽ പൈപ്പ് ലൈൻ നീട്ടൽ | 500000 | -ടി- |
| 22. | 5/17 | -ടി- | പാറക്കര എൽ.പി.എസ് - ഉടയാൻ കാവ് പൈപ്പ് ലൈൻ നീട്ടൽ | 617000 | -ടി- |
| 23. | 5/17 | -ടി- | വട്ടക്കാലപ്പടി -പള്ളിപ്പറമ്പിൽപ്പടി പൈപ്പ് ലൈൻ നീട്ടൽ | 260000 | -ടി- |
| 24. | 5/17 | -ടി- | വട്ടയത്ത് -കക്കുന്നിൽ റോഡ് പൈപ്പ് ലൈൻ നീട്ടൽ | 345000 | -ടി- |
| 25. | 5/17 | -ടി- | ബ്ലോക്ക് പഞ്ചായത്ത് ആറന്മുള ഡിവിഷൻ നം.4ൽ പൈപ്പ് ലൈൻ നീട്ടൽ | 458975 | -ടി- |
| 26. | 5/17 | -ടി- | കൊല്ല തെക്കേതിൽ -കുറ്റിക്കാട്ടുപടി പൈപ്പ് ലൈൻ നീട്ടൽ | 263000 | -ടി- |
| 27. | 5/17 | -ടി- | കാവുംപടി - കരുട്ടുമോടി പൈപ്പ് ലൈൻ നീട്ടൽ | 500000 | -ടി- |
| 28. | 5/17 | -ടി- | വേഴനിൽക്കുന്നതിൽ -തവിട്ട പൊയ്ക കോളനി പൈപ്പ് ലൈൻ നീട്ടൽ | 400000 | -ടി- |
| 29. | 5/17 | -ടി- | കുറ്റും -പുല്ലേലിൽ റോഡ് പൈപ്പ് ലൈൻ നീട്ടൽ | 571000 | -ടി- |
| 30. | 5/17 | -ടി- | കുഞ്ഞിന്റയ്യത്തുപടി - അഴകത്തുമലയിൽപ്പടി പൈപ്പ് ലൈൻ നീട്ടൽ | 325000 | -ടി- |
| 31. | 5/17 | -ടി- | ലക്ഷംവീട് - പാക്കകാലായിൽപ്പടി പൈപ്പ് ലൈൻ നീട്ടൽ | 250000 | -ടി- |
| 32. | 5/17 | -ടി- | പൂപ്പൻകാല കോളനി പൈപ്പ് ലൈൻ നീട്ടൽ | 403000 | -ടി- |
| 33. | 5/17 | -ടി- | തടത്തുകാല കോളനി പൈപ്പ് ലൈൻ നീട്ടൽ | 330000 | -ടി- |
| 34. | 5/17 | -ടി- | കല്ലൻമോടി - മീൻചിറയ്ക്കൽ പൈപ്പ് ലൈൻ നീട്ടൽ | 200051 | -ടി- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം തുകയൊന്നും ലഭിച്ചിട്ടില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർച്ച് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2000-01 | 32 | മാവരത്തോട് ആഴവും വീതിയും കൂട്ടി സംരക്ഷിക്കൽ-4652 രൂപ അധികം നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2000-01 | 17 | ചേരിക്കൽ അംഗനവാടിക്ക് ചുറ്റുമതിലും അനുബന്ധസൗകര്യങ്ങളും- നിർവ്വഹണത്തിലെ അപാകങ്ങൾ | -ടി- |
| 2000-01 | 33 | വനിതാ ബേക്കറിയും റസ്റ്റോറന്റും -9783/- രൂപ അധികം നൽകിയത് | -ടി- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| **(എ)** സംക്ഷിപ്ത വിവരം | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | **126071411** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | **81971926** |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | **37191** |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | **3129593** |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-2 | | 23184 | ശ്രീ.അബ്ദുൾ റഹിം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 14007 | ശ്രീ.അബ്ദുൾ റഹിം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | **37191** | |

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 242543 | ശ്രീ.അബ്ദുൾ റഹിം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | 49600 | ശ്രീ.ലിബി സി മാത്യൂസ്, സെക്രട്ടറി |
| 3-11 | 2837450 | ശ്രീ.ലിബി സി മാത്യൂസ്, സെക്രട്ടറി |
| ആകെ | **3129593** | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അബ്ദുൾ റഹിം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , പന്തളം ബ്ലോക്ക് പഞ്ചായത്ത് | സെയ്ഫ്, മീനത്തേൽ, പുതിയകാവ് പി.ഒ, കെ.എസ് പുരം |
| ശ്രീ ലിബി സി മാത്യൂസ്<br>സെക്രട്ടറി | സെക്രട്ടറി<br>പന്തളം ബ്ലോക്ക്പഞ്ചായത്ത് | ചരുവിള കണിച്ചേരിൽ<br>പട്ടുക്കോട്ടുക്കൽ |

| | | |
|---|---|---|
| | | തട്ടയിൽ പി ഒ<br>പിൻ-691525 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം **(പന്തളം ബ്ലോക്ക് പഞ്ചായത്ത്)** | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം **(കുളനട ബ്ലോക്ക് പഞ്ചായത്ത്)** |
|---|---|---|
| 1998-99 | ഇല്ല | എൽ.എഫ്.പി.റ്റി.എ/പി5-26/00 തീയതി:09.05.00 |
| 1999-2000 | എൽ.എഫ്.പി.റ്റി.എ/പി5-421/00 തീയതി:27.02.01(1) | എൽ.എഫ്.പി.റ്റി.എ/പി5-594/00 തീയതി:30.01.01 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി5-660/02 തീയതി:2.03.02 | എൽ.എഫ്.പി.റ്റി.എ/പി5-571/02 തീയതി:03.02.03 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി5-441/04 തീയതി:26.02.04/17.08.04 | എൽ.എഫ്.പി.റ്റി.എ/പി5-302/04 തീയതി:04.08.04 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി6-389/06 തീയതി:31.01.07/07.07.08 | എൽ.എഫ്.പി.റ്റി.എ/പി6-788/06 തീയതി:08.02.07 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി5-692/07 തീയതി:22.1.08/08.02.08 | എൽ.എഫ്.പി.റ്റി.എ/പി6/1029/07 തീയതി:07.5.08 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/ പി5/763 /07തീയതി26/3/08 | എൽ.എഫ്.പി.റ്റി.എ/പി6-1030/07 തീയതി:12.5.08 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി5-764/07 തീയതി:25.03.09 | എൽ.എഫ്.പി.റ്റി.എ/പി6-1031/07 തീയതി:12.5.08 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി5-527 /08തീയതി:25.03.09 | എൽ.എഫ്.പി.റ്റി.എ/പി3-426/08 തീയതി:13.4.09 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-3-874/09 തീയതി:07.04.10 | എൽ.എഫ്.പി.റ്റി.എ/പി3-875/09 തീയതി:23.3.10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-2-31/11 തീയതി:04.10.11 | എൽ.എഫ്.പി.റ്റി.എ/പി3-943(എ)/11 തീയതി:31.12.11 |
| 2009-10 & 10-11 | എൽ.എഫ്.പി.റ്റി.എ/പി-2-256/13 തീയതി:08.10.13 | എൽ.എഫ്.പി.റ്റി.എ/പി3-943(ബി)/11 തീയതി:31.12.11 |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എ/പി2/224/14 തീയതി:05.06.14 | |
| 2013-14 | കെ.എസ്.എ.പി.റ്റി.എ/പി13-555/16 തീയതി02.06.2017 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി3-1019/2016 20.09.2016 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി13-194/2017 10.05.2017 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.പി.സുരേഷ്കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-1**

നം.കെ.എസ്.എ.പി.റ്റി.എ.പി12-1323/2017
തീയതി.07.12.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

പി.പി.സുരേഷ്കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.KSAPTA P.12-1323/2017
Dated.07.12.2017

**CERTIFICATE**

Certified that I have examined the Annual Financial Statement of **Pandalam Block Panchayat** in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Pandalam Block Panchayat** for the year 2016-17 except the observations in my report properly presents the picture of income and expenditure.

P.P.SURESHKUMAR

Senior Deputy Director

Kerala State Audit Department

Pathanamthitta